**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1214** **30.09.2016 ൽ മറുപടിയ്ക്ക്**

## അമിതശബ്ദത്തിൽ ഹോൺ

| ചോദ്യം<br>ശ്രീ.പി.ബി.അബ്ദുൽ റസ്സാക്ക് | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | അമിതശബ്ദത്തിൽ ഹോൺമുഴക്കി അലക്ഷ്യമായി വാഹനമോടിച്ചതിന് 22-8-2016-ൽ കിഴക്കേകോട്ടയിൽ ഒരു സ്വകാര്യബസിനെ മോട്ടോർവാഹന വകുപ്പ് കസ്റ്റഡിയിൽ എടുത്തിട്ടുണ്ടോ; | (എ) | കസ്റ്റഡിയിൽ എടുത്തിട്ടില്ല. കെ.എൽ.01/എഎം1551 എന്ന വാഹനം പരിശോധിച്ച് മനുഷ്യ ജീവന് ഭീഷണിയാകുന്ന തരത്തിൽ വാഹനമോടിക്കൽ, മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാകുന്ന തരത്തിൽ ഹോൺ മുഴക്കി വാഹനമോടിക്കൽ, വാഹനത്തിന്റെ പുറകിലായി രണ്ട് ഏണികൾ ഫിറ്റ് ചെയ്തിരിക്കുന്നതിനാൽ വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ കാണാൻ സാധിക്കുന്നില്ല എന്നീ കുറ്റങ്ങൾക്ക് മോട്ടോർ വാഹന നിയമപ്രകാരമുള്ള ചെക്ക് റിപ്പോർട്ട് തയ്യാറാക്കി നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത ബസിന്റെ ഡ്രൈവറെ കസ്റ്റഡിയിലെടുത്ത് മദ്യപിച്ചിട്ടുണ്ടോ എന്ന പരിശോധന നടത്തിയിരുന്നോ; എങ്കിൽ പരിശോധനാഫലം എന്തായിരുന്നു; | (ബി) | ഇല്ല. |
| (സി) | ബസ്സ് ഉടമയ്ക്ക് വിട്ടുകൊടുത്തിട്ടുണ്ടോ; എങ്കിൽ എന്ന്; ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കേസ് എടുത്തിട്ടുള്ളത്; | (സി) | ബസ്സ് കസ്റ്റഡിയിൽ എടുത്തിട്ടില്ല. സെക്ഷൻ 184, 190(2), 39 എന്നീ വകുപ്പുകൾ പ്രകാരം ചെക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഹോണിന്റെ ശബ്ദശേഷി എത്രയായിരുന്നു എന്നു പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ഡി) | ഇല്ല. |
| (ഇ) | സ്വകാര്യ ബസ്, ലോറി എന്നിവയുടെ ഹോൺ ഘട്ടംഘട്ടമായി പരിശോധിച്ച് നിയമലംഘകർക്കെതിരെ നടപടി സ്വീകരിക്കുമോ? | (ഇ) | ഇതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ